File No.GEDN-M2/224/2018-G.EDN

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി-പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായിട്ടുള്ള സംസ്ഥാന കർമ്മ സമിതിയിലും, ജില്ലാതല കർമ്മ സമതിയിലും കൂടുതൽ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.2940/2018/പൊ.വി.വ തീയതി,തിരുവനന്തപുരം, 01/08/2018

പരാമർശം:- 1 സ.ഉ (പി) നം. 41/2016/ആസാവ തിയിത 28/09/16

2 സ.ഉ(പി) നം.186/2016/പൊ.വി.വ തിയതി 07/11/16

3 സ.ഉ (പി) നം. 10/2017/ആസാവ തിയിതി 19/04/17

4 സ.ഉ (സാധാ) നം. 1630/2017/പൊ.വി.വ തിയിതി 30/05/17

5 23/05/2018ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സംസ്ഥാനതല കർമ്മ സമിതിയുടെ ആദ്യ യോഗത്തിന്റെ നടപടികറിപ്പുകൾ

6 31/05/2018ലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കത്ത് നം. 40/2018/കെ.ഇ.എം

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം സമഗ്ര കേരള വികസനത്തിന് വേണ്ടി 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയ്ക്കു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്താനുള്ള രൂപരേഖയും അംഗീകരിച്ചിരുന്നു. പരാമർശം (3) പ്രകാരം വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2) പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ജനകീയ വിദ്യാഭ്യാസ മാതൃക പ്രവർത്തനങ്ങളിലൂടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ലക്ഷ്യങ്ങൾ, പ്രവർത്തന മാതൃക-സമീപനം, സഹായ

സംവിധാനങ്ങൾ, മോണിറ്ററിംഗ് എന്നിവയെ സംബന്ധിച്ച് ടി ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗ്ഗരേഖയിൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസം ചെയർപേഴ്സണായി സംസ്ഥാന തല കർമ്മസേനയും, ജില്ലാ കലക്ടർ ചെയർപേഴ്സണായി ജില്ലാതല കർമ്മസേനയും ; രൂപീകരിച്ചത് അംഗീകരിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതാണ്. സംസ്ഥാനതല കർമ്മസേനയിൽ 14 അംഗങ്ങളും ജോയിന്റ് കൺവീനറും ഉൾപ്പെടുന്നുണ്ട്. ജില്ലാതല കർമ്മസേനയിൽ 12 അംഗങ്ങളും ജോയിന്റ് കൺവീനറും ഉൾപ്പെടുന്നുണ്ട്. പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സംസ്ഥാനതല കർമ്മ സമിതിയുടെ ആദ്യ യോഗത്തിന്റെ നടപടികുറിപ്പുകൾ പ്രകാരം സാമൂഹ്യ നീതി വകുപ്പ്, വനിതാ ശിശു ക്ഷേമ വകുപ്പ്, എസ്.സി. വകുപ്പ്, എസ്.ടി വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ മേധാവികളെ സംസ്ഥാന തല കർമ്മ സേനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ കേരള എഡ്യൂക്കേഷൻ മിഷന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരംപൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ജനകീയ വിദ്യാഭ്യാസ മാതൃകാ പ്രവർത്തനങ്ങളിലൂടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനത്തിനായി താഴെ പറയുന്ന വകുപ്പുകളുടെ മേധാവികളെ സംസ്ഥാന തല കർമ്മസേനയിൽ അംഗങ്ങളായും, ഈ വകുപ്പുകളുടെ ജില്ലാ മേധാവികളെ ജില്ലാതല കർമ്മസേനയിൽ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I)സാമൂഹ്യ നീതി വകുപ്പ്,

II)വനിതാ ശിശു ക്ഷേമ വകുപ്പ്,

III)എസ്.സി. വകുപ്പ്,

IV)എസ്.ടി വകുപ്പ്,

V)ആരോഗ്യ വകുപ്പ്,

VI)പൊതുമരാമത്ത് വകുപ്പ്

4) ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായി പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ചെയർപേഴ്സണെ സഹായിക്കേണ്ടതും യോഗങ്ങളിൽ കൃത്യമായും പങ്കെടുക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എസ്.കൃഷ്ണകുമാര്

അഡീഷണല് സെക്രട്ടറി

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം

പ്രിൻസിപ്പൽ എക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ,ആർ.എം.എസ്.എ തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,തിരുവനന്തപുരം (ജില്ലാ ഓഫീസർക്കും നിർദേശം നൽകേണ്ടതാണ്)
ഡയറക്ടർ, വനിതാ ശിശു ക്ഷേമ വകുപ്പ്,തിരുവനന്തപുരം (ജില്ലാ ഓഫീസർക്കും നിർദേശം നൽകേണ്ടതാണ്)
ഡയറക്ടർ, എസ്.സി. വകുപ്പ്, തിരുവനന്തപുരം (ജില്ലാ ഓഫീസർക്കും നിർദേശം നൽകേണ്ടതാണ്)
ഡയറക്ടർ, എസ്.ടി വകുപ്പ്, തിരുവനന്തപുരം (ജില്ലാ ഓഫീസർക്കും നിർദേശം നൽകേണ്ടതാണ്)
ഡയറക്ടർ, ആരോഗ്യ വകുപ്പ്,തിരുവനന്തപുരം (ജില്ലാ ഓഫീസർക്കും നിർദേശം നൽകേണ്ടതാണ്)
ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് വകുപ്പ്,തിരുവനന്തപുരം (ജില്ലാ ഓഫീസർക്കും നിർദേശം നൽകേണ്ടതാണ്)
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Namitha

സെക്ഷൻ ഓഫീസർ